**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.947.** **04.03.2020 ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിൽ വിമുക്തി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ** | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ ആരംഭിച്ചിരിക്കുന്ന വിമുക്തി പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | **നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറായും കമ്മറ്റി രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ബോധവൽക്കരണ പ്രചരണ പരിപാടിയുടെ ഭാഗമായി സൈക്കിൾ റാലിയും ഏകദിന ശിൽപ്പശാലയും നടത്തിയിരുന്നു.<br>ലഹരി വിരുദ്ധ കോളേജ് ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് കലാകായിക മത്സരം, ഏസ്വചിത്ര രചനാ മത്സരം എന്നിവ നടത്തിയിട്ടുണ്ട്. എൻ.എസ്.എസ്. അംഗങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് ആലപ്പുഴ, ചെങ്ങന്നൂർ, ചേർത്തല, എടത്വ, ഹരിപ്പാട്, കായംകുളം, മാവേലിക്കര എന്നീ ഡിപ്പോകളിലെ KSRTC ബസുകളിൽ വിമുക്തി സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പാവനാടകം സംഘടിപ്പിച്ചിട്ടുണ്ട്. ആലപ്പി ജിം, ആലപ്പി ബീച്ച് ക്ലബ്ബ് എന്നിവയുമായി ചേർന്ന് ബൈക്ക് റാലി, ലഹരി വിരുദ്ധ സമ്മേളനം എന്നിവ സംഘടിപ്പിച്ചു. പുകവലി പൂർണ്ണമായും ഉപേക്ഷിച്ചവരിൽ നിന്നും അനുഭവ കുറിപ്പുകൾ ക്ഷണിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു.<br>ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സൗഹൃദ ഫുട്ബോൾ മത്സരം, വോളിബോൾ മത്സരം, ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിൽ ബീച്ച് ഫെസ്റ്റിവൽ എന്നിവ നടത്തി. ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ ഡീ-അഡിക്ഷൻ സെന്റർ തുടങ്ങി പ്രവർത്തനം നടത്തിവരുന്നു. ജില്ലയിലെ 9 നിയോജക മണ്ഡലങ്ങളിലും ഈ പരിപാടിയുടെ വ്യാപനത്തിനും പ്രചരണത്തിനുമായി നിയോജക മണ്ഡലതല |

കമ്മറ്റികൾ യോഗം ചേർന്ന് നടപടികൾ കൈക്കൊണ്ടു വരുന്നു. ജില്ലയിലെ തിരഞ്ഞെടുത്ത 10 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുള്ളതും അവരെ ഉപയോഗിച്ച് മറ്റുള്ളവർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികൾ 2019 ഡിസംബർ 4 ന് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും 2019 നവംബർ 14 ന് ലഹരിക്കെതിരെ ബാഡ്ജ് ധരിക്കുകയും ചെയ്തിട്ടുണ്ട്.

13.12.2019 ൽ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളിലെയും മേധാവികളുടെ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് എല്ലാ സർക്കാർ ഓഫീസുകളിലും ലഹരിവിരുദ്ധ കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതും അപ്രകാരം കമ്മറ്റികൾ രൂപീകരിച്ച് 2020 ജനുവരി 20 ന് എല്ലാ ഓഫീസുകളിലും ലഹരി വിരുദ്ധ പ്രതിജ്ഞ സംഘടിപ്പിച്ചുള്ളതുമാണ്. ജില്ലയിലെ എല്ലാ തദ്ദേശസ്വയം ഭരണ വാർഡുകളിൽ നിന്നും സ്ത്രീകൾ ഉൾപ്പടെ 5 മുതൽ 10 അംഗങ്ങളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിമുക്തി സേന രൂപീകരിച്ചിട്ടുള്ളതും ടി സേനയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

ജില്ലയിലെ റസിഡന്റ്സ് അസോസിയേഷനുകളുടെയും, സന്നദ്ധ പ്രവർത്തകരുടെയും, സ്കൂൾ പി.ടി.എ. കളുടെയും, സ്കൂൾ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഭവന സന്ദർശനം നടത്തി ലഹരിക്കെതിരെയുള്ള ലഘുലേഖ വിതരണം ചെയ്യുകയും ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ജില്ലയിലെ 296 ലൈബ്രറികളുമായി സഹകരിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലയിലെ യുവജന സംഘടനകൾ, ജില്ലാ സ്പോർട്ട്സ് കൗൺസിൽ, നെഹ്റു യുവകേന്ദ്ര, യുവജന ക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് 2020, ഫെബ്രുവരി 7-ന് ജില്ലയിലെ 63 കേന്ദ്രങ്ങളിൽ ലഹരിക്കെതിരെ ദീപം തെളിയിക്കൽ ചടങ്ങ് സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ലഹരിവിരുദ്ധ ആശയ

| | |
|---|---|
| | പ്രചരണത്തിനായി ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ, കോളേജ്, അദ്ധ്യാപകർ, പി.ടി.എ. എന്നിവരുമായി ചേർന്ന് ജില്ലയിൽ 2365 കിലോ മീറ്റർ കാൽനട പ്രചരണ ജാഥയും 735 കിലോ മീറ്റർ സൈക്കിൾ റാലിയും, 6 കിലോ മീറ്റർ ബൈക്കത്തോണും സംഘടിപ്പിച്ചിട്ടുള്ളതാണ്.<br>ലഹരി വിരുദ്ധ ആശയ പ്രചരണത്തിനായി വിമുക്തി മൊബൈൽ യൂണിറ്റിന്റെ സുരക്ഷാ രഥം ഉപയോഗിച്ച് ജില്ലയിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ 2020 ജനുവരി 12, 13, 14 തീയതികളിൽ ലഹരി വിരുദ്ധ പ്രദർശനവും സിഗ്നേച്ചർ കാമ്പയിനും സംഘടിപ്പിച്ചിട്ടുള്ളതാണ്. ജില്ലയിലെ അരൂർ, ചേർത്തല, മാവേലിക്കര എന്നിവിടങ്ങളിൽ 5 പട്ടികജാതി കോളനികളിൽ ക്യാൻ വാക്ക് എന്ന സംഘടനയുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്യാമ്പും ക്ലാസ്സും സംഘടിപ്പിച്ചിട്ടുള്ളതാണ്.<br>യുവതലമുറയെ മദ്യ മയക്കമരുന്നുമായി ബന്ധപ്പെട്ട വിപത്തുകളിൽ നിന്നും മോചിപ്പിക്കുന്നതിനും കായിക മത്സരങ്ങളുടെ ലഹരിയിലേക്ക് ആകർഷിക്കുന്നതിനുമായി ജില്ലാ സ്പോർട്സ് കൗൺസിലുമായി ചേർന്ന് ജില്ലയിലെ 9 നിയോജക മണ്ഡലങ്ങളിലും ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതും ആയതിലെ വിജയികൾക്ക് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ജില്ലയിലെ 6 താലൂക്കുകളിൽ നിന്നുള്ള ടീമുകളെ ഉൾപ്പെടുത്തി ജില്ലാതല ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകിയിട്ടുള്ളതും വിജയിയായ ടീമിനെ സോണൽ മത്സരത്തിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ആലപ്പുഴ ബീച്ച് ഫെസ്റ്റിനോട് അനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ ഭാഗമായി ഗാനമേളയും നടത്തി.<br>**<u>നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ</u>**<br>1. ജില്ലയിലെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ല ആശുപത്രിയിൽ കിടത്തി ചികിത്സ ഉള്ള ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>2. ജില്ലയിലെ മുഴുവൻ ലൈബ്രറികളിലും |

| | |
|---|---|
| | വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുക.<br>3. ജില്ലയിലെ റസിഡൻസ് അസോസിയേഷൻ, മുനിസിപ്പൽ/പഞ്ചായത്ത്/വാർഡ് തലത്തിലുള്ള വിമുക്തി സേനകളുമായി ചേർന്ന് ലഹരിയ്ക്ക് അടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുക.<br>4. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. |

സെക്ഷൻ ഓഫീസർ